<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഒൻപതാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 4124 — 26.06.2013-ലെ മറുപടിക്ക്

<u>ആം ആദ്മി ഭീമാ യോജന</u>

ചോദ്യം — <u>മറുപടി</u>

**ശ്രീ. റ്റി. എ. അഹമ്മദ് കബീർ:** — **ശ്രീ. ഷിബു ബേബി ജോൺ**
**(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)**

(എ) കേന്ദ്രവിഷ്കൃത പദ്ധതിയായ ആം ആദ്മി ഭീമാ യോജനയുടെ സംസ്ഥാനത്തെ നടത്തിപ്പു സംബന്ധിച്ച വിശദാംശം നൽകാമോ;

(എ) ആം ആദ്മി ബീമാ യോജന പദ്ധതി പ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിൽ അഞ്ച് സെന്റോ അതിൽ താഴെയോ ഭൂമി സ്വന്തമായുള്ളവരും ഭൂരഹിതരുമായ കുടുംബങ്ങൾക്കാണ് ഈ പദ്ധതിയിൽ അംഗത്വത്തിന് അർഹതയുള്ളത്. അപേക്ഷകൻ 59 വയസ്സിന് താഴെയുള്ള ആളായിരിക്കണം. കേന്ദ്ര സംസ്ഥാന സർക്കാർ 50 : 50 പ്രകാരം പ്രീമിയം തുക വഹിക്കുന്നു. അപേക്ഷകന്റെ സ്വാഭാവിക മരണത്തിന് 30,000/- (മുപ്പതിനായിരം രൂപ മാത്രം) രൂപയും അപകടം മൂലമുണ്ടാകുന്ന മരണത്തിന് 70,000/- (എഴുപതിനായിരം രൂപ മാത്രം) രൂപയും, അംഗവൈകല്യത്തിന് 37,500/- രൂപ മുതൽ 70,000/- രൂപ വരെയും നൽകുകയും കൂടാതെ അപേക്ഷകന്റെ കുടുംബത്തിലെ 9 മുതൽ 12-ാം ക്ലാസുവരെ പഠിക്കുന്ന 2 കുട്ടികൾക്ക് വരെ പ്രതിമാസം 100/- (നൂറ് രൂപ മാത്രം) രൂപ വീതം സ്കോളർഷിപ്പും ലഭിക്കും

(ബി) പദ്ധതി എന്നാണ് ആരംഭിച്ചത്; കേന്ദ്രത്തിൽ നിന്നും ഓരോ വർഷവും ഈ പദ്ധതിക്കായി ഇതേവരെ ലഭിച്ച തുക എത്ര; വ്യക്തമാ ക്കുമോ ;

(ബി) 2008 മുതലാണ് സംസ്ഥാനത്ത് പദ്ധതി ആരംഭിച്ചത്.
വിവരം ശേഖരിച്ചു വരുന്നു.

(സി) എത്ര കുടുംബങ്ങളെ ഇതേവരെ ഇതിന്റെ ഗുണഭോക്താക്കളാക്കാൻ സാധിച്ചു; വർഷം തിരിച്ചുള്ള കണക്കും ആയതിന് ചെലവായ തുകയും വ്യക്തമാക്കുമോ?

(സി)

| ക്രമ നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2009 | 299624 | 29962400 |
| 2 | 2010 | 392897 | 19046356 |
| 3 | 2011 | 381920 | 6457315 |
| 4 | 2012 | 657353 | 36959249 |
| 5 | 2013 | 647661 | 10000000 |

Deepa
സെക്ഷൻ ഓഫീസർ